# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1774

## 04.05.2017 ലെ മറുപടിക്ക്

## എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ. അനിൽ അക്കര<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനി മാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പുതിയ നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനി മാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സ.ഉ.(പി) നം. 27/2017/ധന. തീയതി 26.02.2017 പ്രകാരം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിളക്കുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതിബോർഡിന്റെ സമ്മതപത്രം ആവശ്യമുണ്ടോ; | 26.02.2017-ലെ സ.ഉ.(പി) നം. 27/2017/ധന. ഉത്തരവ് പ്രകാരം ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം, പ്രാദേശിക കെ.എസ്.ഇ.ബി ഓഫീസിനെ സമീപിക്കേണ്ടതും, ടി സ്ഥലം ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി യിൽ നിന്നും നിശ്ചിത മാതൃകയിലുള്ള നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതുമാണ്. |
| (സി) | പ്രസ്തുത വിളക്കുകൾ ഇ-ടെൻഡർ മുഖേനയേ സ്ഥാപിക്കാവൂ എന്നും അവയ്ക്ക് മൂന്ന് വർഷത്തെ റീപ്ലേയ്സ്മെന്റ് വാറണ്ടിയും തുടർന്ന് മൂന്ന് വർഷത്തെ അറ്റകുറ്റപ്പണിക്കരാറും ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ? | 26.02.2017-ലെ സ.ഉ.(പി) നം. 27/2017/ധന. ഉത്തരവ് പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ലൈറ്റുകൾ സ്ഥാപിക്കുന്നതിനോടൊപ്പം 3 വർഷത്തെ Replacement warranty, തുടർന്നുള്ള 3 വർഷത്തെ A.M.C എന്നിവയ്ക്കുള്ള വ്യവസ്ഥകൾ കൂടി ഇ-ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**